# മൗദൂദിസത്തിനെതിരിൽ എന്തുകൊണ്ട്?

## ഭാഗം 02

കെ. ഉമർ മൗലവി

(സൽസബീൽ 1994, സെപ്തംബർ 20)

കേരള ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപക നേതാവും പ്രഥമ അമീറും മുഹമ്മദലി ഹാജിയായിരുന്നു. ഞാനും അദ്ദേഹവും തമ്മിലുണ്ടായിരുന്ന സുഹൃദ്ബന്ധം മുൻ ലക്കത്തിൽ പറഞ്ഞിരുന്നുവല്ലോ.

അദ്ദേഹം എൻെറ മുമ്പിൽ അവതരിപ്പിച്ച പുതിയ 'തൗഹീദ്' എന്നിൽ അമ്പരപ്പും പരിഭ്രമവും ഉളവാക്കി. രണ്ടു വിഷയമാണ് അതിന് കാരണമായത്. ഒന്ന്, ഗവൺമെൻറ് ഉദ്യോഗം സ്വീകരിക്കുന്നതും കലാലയ വിദ്യാഭ്യാസം നേടുന്നതും തനിച്ച ശിർക്കാണെന്നുള്ള വാദം! രണ്ട്, എൻെറ വന്ദ്യഗുരുനാഥൻ കെ. എം. മൗലവിയെക്കുറിച്ച് 'അദ്ദേഹം ഹിദായത്തിലായെങ്കിൽ എത്ര നന്നായിരുന്നു' എന്നുള്ള നെടുവീർപ്പും.

കെ. എം. മൗലവിയെ എൻെറ ഗുരുനാഥൻ എന്ന നിലയിൽ മാത്രമല്ല ഞാൻ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും. ഞാൻ ഇടപഴകിയ, ഞാൻ കണ്ണുകൊണ്ട് കണ്ടവരിൽ ഏറ്റവും നല്ല മനുഷ്യനും കൂടിയായിരുന്നു അദ്ദേഹം. അങ്ങനെയുള്ള ഒരു മഹദ് വ്യക്തിയെക്കുറിച്ചാണല്ലോ എൻെറ സുഹൃത്ത് ഇത്തരം ഒരു വിമർശനം നടത്തിയത്!

ഞാൻ മൗദൂദി സാഹിബിൻെറ പുതിയ ആശയങ്ങൾ ആഴത്തിൽ പഠിക്കുവാൻ തന്നെ തീരുമാനിച്ചു. കുറെ നാളത്തെ ശ്രമകരമായ അദ്ധ്വാനം വേണ്ടിവന്നു. ഖുർആനും ഹദീസും തന്നെ മാനദണ്ഡം. വളരെ സൂക്ഷ്മതയോടെ മാറ്റുരച്ചു നോക്കി, അപ്പോഴാണ് എനിക്ക് ബോധ്യമായത്. ഇത് മാറ്റു കുറഞ്ഞ സ്വർണ്ണമല്ല. സ്വർണ്ണം പൂശിയ ചെമ്പാണെന്ന്!

ലക്ഷത്തിൽ പരം പ്രവാചകൻമാരിലൂടെ അല്ലാഹു മനുഷ്യരെ ഉൽബോധിപ്പിച്ച ഇസ്ലാമിൻെറ കാതലായ തൗഹീദ് മൗദൂദി സാഹിബിൻെറ വിദഗ്ദ്ധമായ തൂലിക വികൃതമാക്കിയിരിക്കുന്നു. അദ്ദേഹം തൗഹീദിൽ സമൂലമായ പൊളിച്ചെഴുത്താണ് നടത്തിയത്. 'സ്വന്തം ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സങ്കല്പ വീടുപോലെയാണ്' (ഖുത്തുബാത്ത്) എന്ന മൗദൂദിയൻ സിദ്ധാന്തം തികച്ചും

അപകടകരമായ ഒരു ദിശയിലേക്കാണ് ജനങ്ങളെ ക്ഷണിച്ചത്. ദുൻയാവും ആഖിറവും ഒരു പോലെ നഷ്ടപ്പെടുത്തുന്ന വഴിയിലേക്ക്!

ഖുർആൻ മുന്നറിയിപ്പു നൽകി: 'നിശ്ചയമായും ശിർക്ക് അല്ലാഹു പൊറുക്കുകയില്ല. അതിനു താഴെയുള്ള പാപങ്ങൾ അവൻ ഇച്ഛരിക്കുന്നവർക്ക് പൊറുത്തു കൊടുക്കുന്നതാണ്.' അല്ലാഹുവിൽ പങ്കുചേർക്കലാണല്ലോ ശിർക്ക്. അല്ലാഹുവിന് ഏറ്റവും കോപമുള്ള വിഷയവും. 'അല്ലാഹുവിനെ മാത്രം ആരാധിക്കുക' എന്നത് തൗഹീദും ആരാധനയിൽ സൃഷ്ടികളെ പങ്കുചേർക്കുന്നത് ശിർക്കും. 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന കലിമയുടെ പൊരുൾ ഇതാണ്. 'ഞാനും എനിക്ക് മുമ്പ് വന്ന മുഴുവൻ പ്രവാചകൻമാരും പറഞ്ഞിട്ടുള്ളതിൽ വെച്ച് ഏറ്റവും വിശിഷ്ടമായ വചനം' എന്ന് വിശേഷിപ്പിച്ചു കൊണ്ടാണ് റസൂൽ(സ) കലിമ പഠിപ്പിക്കുന്നത്.

മറ്റു മതങ്ങളിൽ നിന്നും ആദർശങ്ങളിൽ നിന്നും ഇസ്‌ലാമിനെ വേർതിരിക്കുന്ന പ്രധാന രേഖയാണിത്. ഇസ്‌ലാമിൻെറ സുദൃഢവും സുഭദ്രവുമായ അടിത്തറ. ഇവിടെയാണ് മൗദൂദി ആഞ്ഞുവെട്ടിയത്. ശിർക്കിനെ അദ്ദേഹം വ്യാഖ്യാനിച്ച കോലം കണ്ടാൽ കാര്യം വേഗം ബോധ്യമാകും. മൗദൂദി പറയുന്നു: 'ഹൃദയത്തിൽ ഒരു നിയമത്തെക്കുറിച്ച് വിശ്വാസമുണ്ടായിരിക്കുകയും ജീവിത ഏർപ്പാടുകളിൽ മറ്റു നിയമമനുസരിച്ച് നടക്കുകയെന്നിതുകളും സാധ്യമാണെന്ന് നിങ്ങൾ പറയുന്ന പക്ഷം അത് ശരിയാണെന്ന് ഞാനും സമ്മതിക്കുന്നു. സാധ്യമാണെന്നല്ല; അങ്ങനെ സംഭവിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. പക്ഷെ, അതിനത്രെ ശിർക്ക് എന്ന് പറയുന്നത്. (ഖുത്ത്ബാത്ത്)

അല്ലാഹുവിൻെറയും റസൂലിൻേറയും നിയമ നിർദ്ദേശങ്ങളെക്കുറിച്ച് മനസിൽ വിശ്വാസമുണ്ടായിരിക്കുക. ജീവിത ഏർപ്പാടുകളിൽ ഗവൺമെൻറിൻെറ നിയമങ്ങൾ പലതും പാലിക്കുകയും ചെയ്യുക. ഇതാണുപോൽ അല്ലാഹു ഒരിക്കലും പൊറുത്തു തരികയില്ലെന്ന് അസന്നിഗ്ദമായി പ്രഖ്യാപിച്ച ശിർക്ക്! ആർക്കാണ് ഈ 'ശിർക്കി'ൽ നിന്നും രക്ഷപ്പെടാൻ കഴിയുക? ആർക്കാണ് മുസ്‌ലിമാകാൻ കഴിയുക? മൗദൂദിക്കുപോലും കഴിഞ്ഞോ?

മൗദൂദിയുടെ ഈ കള്ളനാണയമാണ് പത്തരമാറ്റുള്ള സ്വർണ്ണമാണെന്ന് ധരിച്ച് പത്താൻകോട്ടിൽനിന്നും മുഹമ്മദലിഹാജി ഭദ്രമായി പൊതിഞ്ഞുകൊണ്ടുവന്ന് വലിയ പ്രതീക്ഷയോടെ എൻെറ മുമ്പിൽ സമർപ്പിച്ചത്. ഈ കള്ള നാണയത്തിൻെറ തിളക്കത്തിൽ ഭ്രമിച്ചുപോയതാണ് എൻെറ സുഹൃത്തിനു സംഭവിച്ച വ്യതിയാനം. ഉദ്യോഗം പാടില്ല അത് ശിർക്കാണ് എന്ന് പറയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ കള്ള നാണയമായിരുന്നു. കെ. എം. മൗലവി സാഹിബ് സൻമാർഗത്തിലല്ല ദുർമാർഗത്തിലാണ് എന്ന് ജല്പിക്കാൻ അദ്ദേഹത്തിന് ധൈര്യമുണ്ടായതും ഇതുകൊണ്ടുതന്നെ.

ജമാഅത്തെ ഇസ്‌ലാമിയുടെ സിദ്ധാന്ത പ്രകാരം ഇൻഡ്യയിലെ മുസ്‌ലിംകൾ ഉദ്യോഗം തിരസ്കരിച്ചിരുന്നുവെങ്കിൽ അൻപത് വർഷങ്ങൾ പിന്നിട്ട ഈ ഘട്ടത്തിൽ സമുദായത്തിൻെറ അവസ്ഥ എന്താകുമായിരുന്നു. കുറെയെല്ലാം ഉദ്യോഗം നേടിയിട്ടുപോലും നാം ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ച സംവരണത്തിൻെറ ആനുകൂല്യത്തിനുവേണ്ടി പൊരുതുകയാണ്. എന്നാൽ മൗദൂദിസം ഈ സമുദായത്തെ പിന്നോക്കത്തിൻെറ അഗാധമായ ഗർത്തിലേക്ക് നിഷ്ക്കരുണം തള്ളിയിടുവാൻ ആവേശപൂർവ്വം ശ്രമിക്കുകയായിരുന്നു. 'ശിർക്കി'ൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഉദ്യോഗം രാജിവെച്ച മഹാപോയത്തക്കാർ തീരാദുഃഖത്തിലായി. അവർ ഇപ്പോൾ തങ്ങളുടെ മക്കളെ ഉദ്യോഗസ്ഥരാക്കാൻ കോഴകൊടുത്ത് 'പ്രായശ്ചിത്തം' ചെയ്യുന്നു! കലാലയങ്ങളെ 'കൊലാലയങ്ങൾ' എന്ന് ആക്ഷേപിക്കുകയും കലാലയ വിദ്യാഭ്യാസം നിഷിദ്ധമാക്കി പ്രഖ്യാപിക്കുകയും ചെയ്തതും മൗദൂദിയുടെ വിശദീകരണത്തിൽ വിശ്വാസമർപ്പിച്ചു കൊണ്ടായിരുന്നു. ഇന്ത്യയിലെ മുസ്‌ലിംകൾ ഈ 'പത്താൻകോട്ട് ദീൻ' ഇസ്‌ലാമണെന്ന് ധരിച്ച് കലാലയങ്ങളെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ സമുദായം മലംചുമക്കുന്ന കഴുതകൾക്ക് സമാനമാകുമായിരുന്നു. മൗദൂദി പറഞ്ഞ ശിർക്കിൽ നിന്നും രക്ഷപ്പെടാൻ സർട്ടിഫിക്കറ്റുകൾ ചീന്തിയെറിഞ്ഞ മഹാപോയത്തക്കാർ തീരാദുഃഖത്തിലായി. ദുൻയാവും ആഖിറവും നഷ്ടപ്പെട്ട അവസ്ഥയിൽ! അവർ ഇപ്പോൾ തങ്ങളുടെ മക്കളെ കലാലയങ്ങളിൽ അയച്ച് ഉന്നത ബിരുദമെടുത്ത് അവരെ ഉദ്യോഗസ്ഥൻമാരാക്കി അഭിമാനപൂർവ്വം ജീവിക്കുകയാണ്. മൗദൂദിസം ഈ സമുദായത്തെ പിന്നോക്കത്തിൻെറ അഗാധമായ ഗർത്തത്തിലേക്ക് തള്ളിയിടാൻ ശ്രമിക്കുകയായിരുന്നു. അനുഭവിച്ചറിഞ്ഞിട്ടും പാഠം പഠിക്കാതെ മൗദൂദിസത്തെ താലോലിക്കുന്ന ഈ പോയത്തക്കാരെ 'ബുദ്ധിജീവികൾ' എന്നു വിളിക്കാൻ സമുദായത്തിൽ ഇപ്പോഴും ആളുകൾ ഉണ്ട്. എങ്ങനെ ഈ സമുദായം രക്ഷപ്പെടും?!

അവസരവാദ രാഷ്ട്രീയം കളിക്കുന്ന ഭിക്ഷാം ദേഹികൾ അൽപമായ സ്വർത്ഥ ലാഭങ്ങൾക്ക് വേണ്ടി 'സമുദായ ദ്രോഹികൾ' 'സമുദായ ശത്രുക്കൾ' എന്നിങ്ങനെ പരസ്പരം ആക്ഷേപിക്കുന്നു, കുറ്റപ്പെടുത്തുന്നു. എന്നാൽ തത്വാധിഷ്ഠിതമായി സമചിത്തതയോടെ ചിന്തിക്കുമ്പോൾ യഥാർത്ഥ ശത്രുക്കളെ തങ്ങളുടെ പാർശ്വഭാഗത്തു തന്നെ കാണാൻ കഴിയും. അവർ എല്ലാ വിഭാഗങ്ങളുടേയും പാർശ്വങ്ങളിൽ മാറി മാറി വേഷം കെട്ടി വരുന്നു; സമുദായത്തിൻെറ ഗുണകാംക്ഷികളായി.

മൗദൂദിസം മതത്തിൻെറ കാതൽ നശിപ്പിക്കാൻ ശ്രമിക്കുന്നു. സമുദായത്തെ പിന്നോക്കം പായിക്കാൻ വളരെയേറെ പരിശ്രമിക്കുകയും ചെയ്തു. അതുകൊണ്ട് ഞാൻ മൗദൂദിസത്തെ എതിർക്കുന്നു.

(തുടരും)